## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2842.

20.12.2012 ൽ മറുപടിക്ക്

## കോളേജുകളിൽ തൊഴിൽ പഠിപ്പിക്കാൻ യു. ജി. സി. പദ്ധതി

**ചോദ്യം**

ശ്രീ. റ്റി. എൻ പ്രതാപൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ.എം. എ. വാഹീദ് :

**ഉത്തരം**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) കോളേജുകളിൽ തൊഴിൽ പഠിപ്പിക്കുവാൻ യു. ജി. സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ ; | എ) യു. ജി. സി. പ്രത്യേക പദ്ധതി തയ്യാറാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്തെ കോളേജുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനം നൽകുന്നതിനായി "അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം "എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി എങ്ങനെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | ബി) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകി വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണ് അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും പഠനത്തിനു ചേർന്നിട്ടുള്ള കുട്ടികൾക്ക് പഠനത്തോടൊപ്പം അധികമായി നൈപുണികൾ സൃഷ്ടിച്ച് തൊഴിൽ വൈദഗ്ധ്യമുള്ളവരാക്കി തീർക്കാൻ ഈ പദ്ധതി വഴി സാധിക്കും. ഹയർ സെക്കണ്ടറി തലത്തിലും ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും ഒന്നാം വർഷം പഠനത്തിനു ചേരുന്ന |

| | | | |
|---|---|---|---|
| | | | കുട്ടികൾക്കാണ് ഇപ്പോൾ നൈപുണ്യ വികസനത്തിനുള്ള പരിശീലനം നൽകുക. തൊഴിൽ സാദ്ധ്യതയുള്ള മേഖലയിൽ ആവശ്യമുള്ള പ്രവൃത്തി പരിചയം ഉൾപ്പെട്ട പരിശീലനം ആണ് നൽകാൻ ഉദ്ദേശിക്കുന്നത് |
| സി) | കോഴ്സുകൾ തുടങ്ങേണ്ട തൊഴിൽ മേഖലകൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | സി) | ഐ.ടി, ഫിനാൻഷ്യൽ സർവ്വീസസ്, ടെലികമ്മ്യൂണിക്കേഷൻ, ഇലക്ട്രോണിക്സ്, ഹോസ്പിറ്റാലിറ്റി, റീടെയിൽ തുടങ്ങിയവയാണ് തൊഴിൽ മേഖലകളായി ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ബന്ധപ്പെട്ട മേഖലകളിലെ കൗൺസിലുകൾ, വ്യാവസായിക അസോസിയേഷനുകൾ എന്നിവ തയ്യാറാക്കുന്ന കോഴ്സുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ഡി) | സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | സംസ്ഥാനത്തെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും ഈ പദ്ധതി ഈ വർഷം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ